# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6251

08-07-2014- ൽ മറുപടിക്ക്

## തുറമുഖങ്ങളെ ഓൾവെതർപോർട്ടായി വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | തുറമുഖങ്ങൾ ഓൾവെതർ പോർട്ടായി വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന് കീഴിലുള്ള നോൺ മേജർ തുറമുഖങ്ങളിൽ പ്രവർത്തന സജ്ജമായ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെല്ലാം തന്നെ ഓൾ വെതർ പോർട്ടുകളാണ്. ഈ തുറമുഖങ്ങളൊന്നും തന്നെ തെക്കു പടിഞ്ഞാറൻ കാലവർഷത്തോടനുബന്ധിച്ച് അടയ്ക്കാറില്ല. ഈ തുറമുഖങ്ങളിലേക്കുള്ള ഉരുക്കുകളുടെ വരവ് മെയ് 15 മുതൽ സെപ്റ്റംബർ 15 വരെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ നിർദ്ദേശ പ്രകാരം അനുവദിക്കാറില്ല. എന്നാൽ കപ്പലുകൾക്കും ബാർജുകൾക്കും എല്ലാ കാലങ്ങളിലും ഈ തുറമുഖങ്ങളിൽ വരുന്നതിന് അനുവാദമുണ്ട്. ഇത് കൂടാതെ പൊന്നാനിയിൽ ഒരു ഓൾ വെതർ പോർട്ട് നിർമ്മിക്കുന്നതിനാവശ്യമായ പരിസ്ഥിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണം കൊണ്ട് രൂപം കൊണ്ടിരിക്കുന്ന ഭൂമി സർക്കാരിന്റെ പേരിലാക്കി ലീസ് എഗ്രിമെന്റ് ഒപ്പു വയ്ക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും. അഴീക്കൽ തുറമുഖത്ത് കേന്ദ്ര സർക്കാർ ചെലവിൽ ഓൾ വെതർ പോർട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയ ടെക്നിക്കൽ കമ്മിറ്റി 2-ാം ഘട്ടത്തിൽ അത്തരത്തിൽ ഒരു തുറമുഖത്തിന് ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | റോഡ് റെയിൽ മാർഗ്ഗങ്ങളിൽ കൂടിയുള്ള ചരക്കു ഗതാഗതം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ തിരിച്ചു വിടുന്നതിന് കേരള തീരങ്ങളിൽ ഓൾ വെതർ പോർട്ടുകൾ ആവശ്യമാണ്. |

| | |
|---|---|
| (സി) ആരുടെയെല്ലാം സാങ്കേതിക സഹായമാണ് ഇതിനായി ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നത് ഡിലോയിറ്റ് എന്ന കൺസൾട്ടന്റ് ആണ്. ബേപ്പൂർ തുറമുഖം സംബന്ധിച്ച റിപ്പോർട്ട് നൽകിയത് കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് എന്ന കൺസൾട്ടന്റാണ്. ഇതു കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പരിചയ സമ്പത്തും ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. പൊന്നാനി തുറമുഖത്തിന്റെ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് മലബാർ പോർട്ട്സ് എന്ന കമ്പനിയാണ്. |
| (ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖ വികസനങ്ങൾക്കായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുവാനായി ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ടെണ്ടർ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.<br>പൊന്നാനി തുറമുഖം സ്വിസ് ചലഞ്ച് മാതൃകയിൽ വികസിപ്പിക്കുന്നതിനായി കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും സംരംഭകനെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിസ്ഥിതി പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ